നിർമ്മിതി ഇതുവരെ 150 പരിശീലനങ്ങളിലായി 2566 പേർക്ക് പരിശീലനം നൽകി. ഇതിൽ 160 പേർ വിവിധ ജയിലുകളിൽ നടത്തിയ പരിശീലനത്തിൽ ഉൾപ്പെട്ടവരാണ്. അതുകൂടാതെ പട്ടികജാതി വികസന വകുപ്പിന്റെ ധന സഹായത്തോടുകൂടി നടത്തിയ പരിശീലനങ്ങളിൽ 189 യുവതീയുവാക്കൾക്ക് കെട്ടിട നിർമ്മാണത്തിലും അനുബന്ധ മേഖലകളിലും പരിശീലനം നൽകിയിട്ടുണ്ട്.

നിർമ്മിതി കേന്ദ്രങ്ങൾക്ക് കോമൺ ഗൈഡ്ലൈൻ

145 (4498) ശ്രീ. എൻ. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നിർമ്മിതി കേന്ദ്രങ്ങൾക്ക് ഒരു ജനറൽ ഗൈഡ് ലൈൻ ഉണ്ടാക്കുമെന്ന് ഭവനനിർമ്മാണ വകുപ്പുമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ തീരുമാനിച്ചിരുന്നുവോ ;

(ബി) ഈ തീരുമാനം നടപ്പാക്കുന്നതിന്റെ പുരോഗതി എന്താണെന്ന് വെളിപ്പെടുത്തുമോ ;

(സി) നിർമ്മിതി കേന്ദ്രങ്ങൾക്ക് കോമൺ ഗൈഡ്ലൈൻ എപ്പോഴാണ് നടപ്പാക്കുകയെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) തീരുമാനിച്ചിരുന്നു.

(ബി & സി) നിർമ്മിതി കേന്ദ്രങ്ങൾക്ക് വർക്ക് നൽകുമ്പോൾ പാലിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ഒരു കോമൺ ഗൈഡ്ലൈൻ ഉണ്ടാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

നിർമ്മിതി കേന്ദ്രത്തിലെ കരാർ അടിസ്ഥാനത്തിലുള്ള നിയമനം

146 (4499) ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം എന്ന സ്ഥാപനം ലാഭത്തിലാണോ പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ എത്ര സ്ഥിരം ജീവനക്കാരുണ്ട് ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത സ്ഥാപനത്തിൽ കരാർ വ്യവസ്ഥയിൽ ജീവനക്കാരെ നിയമിച്ചിരുന്നുവോ ; എങ്കിൽ എത്ര പേരെ ഇതുവരെ നിയമിച്ചു ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കരാർ നിയമനം നടത്തിയത് ഏതു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ; കരാറിന്റെ കാലാവധി എന്നുവരെയാണ് ;

(ഇ) കരാർ അടിസ്ഥാനത്തിൽ നിയമിച്ചവരുടെ മാത്രം കണക്കെടുത്താൽ പ്രതിമാസം എത്ര തുക ഇവർക്ക് വേതനം നല്കുന്നതിന് അധികമായി കണ്ടെത്തണം ; ഈ അധിക ചെലവ് നിർമ്മിതി കേന്ദ്രത്തിന്റെ സുഗമമായ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുമോ എന്ന് വ്യക്തമാക്കുമോ ;

(എഫ്) പ്രസ്തുത സ്ഥാപനത്തിന്റെ നിലനിൽപ്പിനു വേണ്ടി കരാർ അടിസ്ഥാനത്തിൽ നിയമിതരായവരെ കാലാവധി കഴിഞ്ഞാൽ പിരിച്ചു വിടാൻ ഉദ്ദേശിക്കുന്നുവോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം ലാഭത്തിലാണ് പ്രവർത്തിക്കുന്നത്.

(ബി) 112 സ്ഥിരം ജീവനക്കാരുണ്ട്.

(സി) കരാർ വ്യവസ്ഥയിൽ 55 ജീവനക്കാരെ പദ്ധതിയുടെ പൂർത്തീകരണത്തിനായി നിയോഗിച്ചിട്ടുണ്ട്.

(ഡി) പദ്ധതി നിർവ്വഹണത്തിന്റെ സുഗമമായ നടത്തിപ്പിനുവേണ്ടിയാണ് കരാർ വ്യവസ്ഥയിൽ നിയമിക്കുന്നത്. 6 മാസം മുതൽ 1 വർഷം വരെയാണ് കരാറിന്റെ കാലാവധി, എന്നാൽ ആവശ്യാനുസരണം പദ്ധതിപൂർത്തീകരണം വരെ കാലാവധി നീട്ടികൊടുക്കുന്നതാണ്.

(ഇ) കരാർ അടിസ്ഥാനത്തിൽ നിയമിച്ചവരുടെ മാത്രം കണക്കെടുത്താൽ പ്രതിമാസം 2,76,200 (രണ്ടുലക്ഷത്തി എഴുപത്തിയാറായിരത്തി ഇരുനൂറു രൂപ മാത്രം) അധികമായി കണ്ടെത്തണം. ഈ അധിക ചെലവ് നിർമ്മിതി കേന്ദ്രത്തിന്റെ സുഗമമായ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നില്ല.

(എഫ്). കരാർ അടിസ്ഥാനത്തിൽ നിയമിച്ചവരെ പദ്ധതിയുടെ പൂർത്തീകരണം കഴിയുന്ന മുറയ്ക്ക് പിരിച്ചുവിടാറുണ്ട്.

കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് സംസ്ഥാന ഗവൺമെന്റ് നിർമ്മാണ ജോലികൾ നൽകാൻ നടപടി

147 (4500) ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ 2006-07 മുതൽ 2009-10 വരെയുള്ള കാലയളവിലെ ആകെ വരവും ചെലവും എത്ര വീതമാണ് ;

LIBRARY ARCHIVES Kerala Legislative Assembly